**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1284** **12-02-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66 വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 66 വികസനത്തിന്റെ ഫലമായി മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നേരത്തെയുണ്ടായിരുന്ന ഓട്ടോ, മറ്റ് ടാക്സി സ്റ്റാൻഡുകൾ എന്നിവക്ക് ആവശ്യമായ സ്ഥല സൗകര്യങ്ങൾ നിലവിലില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 45 RoW (Right of Way) ലാണ് സർവീസ് റോഡ് അടക്കം 6 വരിപ്പാതയായി ദേശീയപാത 66 വികസിപ്പിക്കുന്നത്. അതിനാൽ ദേശീയപാത 66 ന് സമീപം Way Side Amenities) നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമല്ല എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ നിയമപ്രകാരം ഓരോ 60 കിലോമീറ്ററിലും വഴിയോര വിശ്രമ കേന്ദ്രങ്ങൾ (Way Side Amenities) നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ ഭൂമി ലഭ്യമാകുന്നതിലുള്ള ബുദ്ധിമുട്ട് കാരണം കേരളത്തിലൂടെ കടന്ന് പോകുന്ന ദേശീയപാത 66 ന്റെ ഓരോ 100 കിലോമീറ്ററിലും വഴിയോര വിശ്രമകേന്ദ്രങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കൈവശമുള്ള 1.4 ഹെക്ടർ ഭൂമി സൗജന്യമായി നൽകണം എന്ന അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>ദേശീയപാതയുടെ സമീപം ടാക്സിസ്റ്റാൻഡുകൾ സ്ഥാപിക്കുന്നതിന് അധിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല എന്നും NHAI അറിയിക്കുന്നു. |
| (ബി) | പ്രസ്തുതപ്രദേശത്തെ ദേശീയപാതയുടെ വിവിധ ഭാഗങ്ങളിൽ ടാക്സി സ്റ്റാൻഡുകൾ സ്ഥാപിക്കുന്നതിനാവശ്യമായ അധികഭൂമി ഏറ്റെടുക്കണമെന്ന് ദേശീയപാത അതോറിറ്റിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | ഇത്തരം സാഹചര്യത്തിൽ 45 മീറ്ററിന് പുറമേയുള്ള അധിക സ്ഥലം ഏറ്റെടുക്കുന്നതിനു ദേശീയപാത വിഭാഗം തയ്യാറായില്ലെങ്കിൽ ഓട്ടോ, ടാക്സി | (സി) | എ പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | സ്റ്റാൻഡുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ദേശീയപാത 66 നിർമ്മാണം നടന്നുകൊണ്ടിരിക്കുമ്പോൾ പാതയുടെ വിവിധ ഭാഗങ്ങളിൽ വാഹനം പാർക്ക് ചെയ്യുമ്പോൾ പോലീസ് സഹായത്തോടെ അമിതമായ ഫൈൻ ഈടാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ടാക്സി തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം പുന:സ്ഥാപിക്കുന്നതിന് പ്രത്യേക പരിഗണന നൽകി അവരെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് ദേശീയപാത വിഭാഗത്തിന് സമർപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വ്യക്തമാക്കുമോ; | | |
| (ഡി) | ദേശീയപാത 66 ൽ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെ പലയിടങ്ങളിലും ബസ് സ്റ്റോപ്പുകൾ സ്ഥാപിക്കുന്നതിനും ജംഗ്ഷൻ ഇപ്രൂവ്മെന്റിനും വേണ്ടത്ര സ്ഥലം ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ അധികഭൂമി ഏറ്റെടുക്കുന്നതിന് ദേശീയപാത വിഭാഗത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; അതിൻറെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | ലഭ്യമായ RoW (Right of Way) യുക്കുള്ളിൽ ബസ് സ്റ്റോപ്പുകൾ സ്ഥാപിക്കുന്നതിനും, ജംഗ്ഷൻ വികസനത്തിനും നടപടി സ്വീകരിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ഇ) | ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട് കാക്കഞ്ചേരി ജംഗ്ഷനിലെ കാക്കഞ്ചിരി-കൊട്ടപ്പുറം റോഡ്, ചേളാരി-മാതാപ്പുഴ റോഡ് ജംഗ്ഷൻ, ഇടിമുഴിക്കൽ അങ്ങാടി എന്നിവിടങ്ങളിൽ പ്രധാന പൊതുമരാമത്ത് റോഡ്, മറ്റു റോഡ് എക്സിറ്റ്-എൻട്രികൾ ഇടുങ്ങിയ രീതിയിലായതിനാൽ ജംഗ്ഷനുകളിൽ ഗതാഗത കുരുക്ക് നിലവിലുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ അധികഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ അധികഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയപാത വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ടോ? | (ഇ) | അധികഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ